(1)	(2)
തൃശ്ശൂർ	159
പാലക്കാട്	96
മലപ്പുറം	134
കോഴിക്കോട്	117
വയനാട്	24
കണ്ണൂർ	94
കാസർഗോഡ്	47
ആകെ	1384

കെ.എസ്.ഇ.ബി. കോവൂർ സെക്ഷൻ വിഭജനം

8 (3999) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. കോവൂർ സെക്ഷൻ ഓഫീസിന് കീഴിൽ എത്ര ഉപയോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സെക്ഷൻ വിഭജിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 26455 ഉപഭോക്താക്കൾ.

(ബി) പ്രസ്തുത നിർദ്ദേശം പരിശോധിച്ചിരുന്നു.

(സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കി.മീ. അഥവാ 20000 ഉപഭോക്താക്കൾ/100 ചതുരശ്ര കി.മീ.) പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ഏകദേശം 27 ചതുരശ്ര കി.മീ. വിസ്തൃതിയുള്ള കോവൂർ സെക്ഷന്റെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly